
# പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ (ഐ.ഡി.ആർ.വി) എടുക്കേണ്ട ദിവസക്രമം

## 0 3 7 28

**രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്ത് നക്കുക,ചുണ്ടിലോ വായിലോ നക്കുക, വന്യമൃഗങ്ങളുടെ കടി എന്നിവ ഉണ്ടായാൽ ആന്റി റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ കൂടി എടുക്കണം**

ഐ.ഡി.ആർ.വി. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ലാ, ജനറൽ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും, തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും (573 കേന്ദ്രങ്ങൾ)

ഇമ്മ്യൂണോഗ്ലോബുലിൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തെരഞ്ഞെടുത്ത ജില്ലാ, ജനറൽ ആശുപത്രികളിലും (43 കേന്ദ്രങ്ങൾ) സൗജന്യമായി ലഭ്യമാണ്.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

> മൃഗങ്ങളുടെ കടി, പോറൽ, നക്കൽ എന്നിവയേൽക്കുന്ന ഭാഗം 15 മിനുട്ടെങ്കിലും സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. കഴിവതും ടാപ്പ് വെള്ളത്തിൽ കഴുകുക. വൈറസ് ശരീരത്തിൽ പ്രവേശിക്കുന്നത് തടയാൻ ഇത് സഹായിക്കും.



ഐ.ഡി.ആർ.വി. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ലാ, ജനറൽ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും, തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും (573 കേന്ദ്രങ്ങൾ)



ഇമ്മ്യൂണോഗ്ലോബുലിൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തെരഞ്ഞെടുത്ത ജില്ലാ, ജനറൽ ആശുപത്രികളിലും (43 കേന്ദ്രങ്ങൾ) സൗജന്യമായി ലഭ്യമാണ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# പ്രീ എക്സ്പോഷർ പ്രോഫിലാക്സിസ്

## നിങ്ങൾ മൃഗങ്ങളുമായി നിരന്തരം ഇടപെടുന്ന ആളാണെങ്കിൽ പേവിഷബാധ പ്രതിരോധിക്കാൻ വാക്സിൻ മുൻകൂട്ടി എടുക്കാം (പ്രീ എക്സ്പോഷർ പ്രോഫിലാക്സിസ്)

**മൂന്ന് ഡോസ് വാക്സിൻ**

# 0, 7, 21/28

**ദിവസങ്ങളിലാണ് എടുക്കേണ്ടത്**

പിന്നീട് മൃഗങ്ങളുടെ കടിയേറ്റാൽ
ഇമ്മ്യൂണോഗ്ലോബുലിൻ
കുത്തിവയ്ക്കേണ്ടതില്ല



ഐ.ഡി.ആർ.വി. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ലാ, ജനറൽ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും, തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും (573 കേന്ദ്രങ്ങൾ)

ഇമ്മ്യൂണോഗ്ലോബുലിൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തെരഞ്ഞെടുത്ത ജില്ലാ, ജനറൽ ആശുപത്രികളിലും (43 കേന്ദ്രങ്ങൾ) സൗജന്യമായി ലഭ്യമാണ്.

DEPARTMENT OF HEALTH SERVICES KERALA

NATIONAL HEALTH MISSION
ആരോഗ്യ കേരളം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

ആരോഗ്യകുടുംബക്ഷേമ വകുപ്പ്



# പേവിഷബാധ - പ്രതിരോധ ചികിത്സാ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| കാറ്റഗറി I | മൃഗങ്ങളെ തൊടുക,ഭക്ഷണം കൊടുക്കുക,മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്ത് മൃഗങ്ങൾ നക്കുക | കുത്തിവയ്പ് നൽകേണ്ടതില്ല. സോപ്പും, ധാരാളം വെള്ളവും ഉപയോഗിച്ച് കഴുകുക. |
| കാറ്റഗറി II | തൊലിപ്പുറത്തുള്ള മാന്തൽ, രക്തം വരാത്ത ചെറിയ പോറലുകൾ | പ്രതിരോധ കുത്തിവയ്പ് എടുക്കണം |
| കാറ്റഗറി III | രക്തം പൊടിഞ്ഞ മുറിവുകൾ,മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ വായിലോ നക്കൽ,വന്യ മൃഗങ്ങളുടെ കടി | ഇൻട്രാ ഡെർമൽ റാബീസ് വാക്സിനേഷൻ (ഐ.ഡി.ആർ.വി), ഹ്യൂമൻ റാബീസ് ഇമ്മ്യൂണോ ഗ്ലോബുലിൻ (എച്ച്.ആർ.ഐ.ജി) |

മുറിവിനു ചുറ്റുമായി എടുക്കുന്ന ഇമ്മ്യൂണോ ഗ്ലോബുലിൻ പെട്ടെന്ന് പ്രതിരോധം പ്രദാനം ചെയ്യുന്നു. ഐ.ഡി.ആർ.വി ശരീരത്തിൽ പ്രതിരോധ ആന്റിബോഡികൾ ഉണ്ടാക്കാനെടുക്കുന്ന കാലയളവിൽ ഇമ്മ്യൂണോഗ്ലോബുലിൻ സുരക്ഷ ഉറപ്പാക്കും

ആരോഗ്യകുടുംബക്ഷേമ വകുപ്പ്



# കുട്ടികൾ വളർത്തു മൃഗങ്ങളോട് ഇടപെടുമ്പോൾ

**പേവിഷബാധ ഉണ്ടാകുന്ന 40% ആളുകളും 15 വയസ്സിനു താഴെ പ്രായമുള്ളവരാണ്**

- മൃഗങ്ങളോട് സൗമ്യമായും സഹാനുഭൂതിയോടെയും പെരുമാറുന്നതിനു കുട്ടികളെ ചെറുപ്പത്തിൽതന്നെ ശീലിപ്പിക്കുക

- മൃഗങ്ങളുടെ പെരുമാറ്റ രീതികൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്തുക. മൃഗങ്ങളോടോത്ത് കളിക്കുമ്പോഴും അവരെ ഓമനിക്കുമ്പോഴും ശ്രദ്ധ പുലർത്താൻ അവരെ പരിശീലിപ്പിക്കുക.

- കടിയോ മാന്തോ കിട്ടിയാൽ മാതാപിതാക്കളെ അറിയിക്കാൻ കുട്ടികളെ ശീലിപ്പിക്കുക

**വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് നിർബന്ധമായും പ്രതിരോധ കുത്തിവയ്പ് എടുക്കണം**

# നായ കടിക്കുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ട 5 കാര്യങ്ങൾ



നായകൾ നിങ്ങളുടെ നല്ല സുഹൃത്തുക്കളാണ്. എന്നാൽ ദേഷ്യം വരുമ്പോഴോ ഭയപ്പെടുമ്പോഴോ ആണ് ഞങ്ങൾ കടിക്കുന്നത്.ഞങ്ങളുടെ കൈയ്യിൽ നിന്നും കടി കിട്ടുന്നത് ഒഴിവാക്കുന്നതിനായി നമുക്ക് പരസ്പരം മനസ്സിലാക്കി പെരുമാറാം.

## 1



**ഉറങ്ങുമ്പോഴും ആഹാരം കഴിക്കുമ്പോഴും കുട്ടികളെ പരിപാലിക്കുമ്പോഴും എന്നെ ശല്യപ്പെടുത്തരുത്.**

## 2



**ഞാൻ ദേഷ്യപ്പെട്ടിരിക്കുമ്പോഴോ ഭയന്നിരിക്കുമ്പോഴോ എന്റെ അടുത്ത് വരരുത്.**

- ദേഷ്യമുള്ളപ്പോൾ എന്റെ പല്ലുകൾ പുറത്തു കാണാം.
- ഭയന്നിരിക്കുമ്പോൾ വാൽ കാലിനിടയിലാക്കി ഞാൻ ഓടാൻ നോക്കും.

## 3



**ഞാൻ അടുത്ത് വരികയാണെങ്കിൽ ഓടരുത്.**

- ഒരു മരംപോലെ അനങ്ങാതെ നിൽക്കുക.
- താഴെ വീഴുകയാണെങ്കിൽ പന്തുപോലെ ഉരുണ്ട് അനങ്ങാതെ കിടക്കുക.

## 4



**പതുക്കെ, ശാന്തമായി എന്നെ സമീപിക്കുക.**

- ഉടമസ്ഥന്റേയോ രക്ഷകർത്താവിന്റേയോ അനുവാദത്തോടെ മാത്രം എന്നെ തൊടുക. തൊടുന്നതിനു മുമ്പായി നിങ്ങളെ മണം പിടിക്കാൻ അനുവദിക്കുക.

## 5




**നിങ്ങളെ പട്ടി കടിച്ചാൽ മുറിവ് ഉടൻ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക, ആശുപത്രിയിൽ എത്തി വൈദ്യസഹായം തേടുക, കുത്തി വയ്പ് എടുക്കുക.**

- പട്ടി കടിച്ചാൽ എത്രയും പെട്ടെന്ന് മുതിർന്നവരോട് പറയുക.

മനുഷ്യരുടേയും പട്ടികളുടെയും മരണത്തിനിടയാക്കുന്ന ഒരു രോഗമാണ് റാബീസ്. രോഗാണുബാധിതനായ ഒരു പട്ടി നിങ്ങളെ കടിക്കുകയാണെങ്കിൽ നിങ്ങൾക്കും രോഗബാധ ഉണ്ടാകും. പട്ടി കടിച്ചാൽ ഉടൻ തന്നെ ചികിത്സ തേടുന്നത് നിങ്ങളുടെ ജീവൻ രക്ഷിക്കും.

പേ വിഷബാധ അവസാനിപ്പിക്കാൻ ഏറ്റവും ഉചിതമായ മാർഗ്ഗം എല്ലാ പട്ടികൾക്കും പ്രതിരോധ കുത്തിവയ്പ് എടുക്കുക എന്നതാണ് എന്ന കാര്യം എല്ലാവരെയും ഓർമിപ്പിക്കുക.



# പ്രതിരോധമാണ് പരിഹാരം

**വളർത്തുമൃഗങ്ങൾക്ക് യഥാസമയം
കുത്തിവയ്പ്പ് എടുക്കുക.**

**അവരുടെയും നമ്മുടെയും സുരക്ഷ ഉറപ്പാക്കുക.**

**മൃഗങ്ങളെ ഭയപ്പെടുകയോ ഉപദ്രവിക്കുകയോ
ചെയ്യുന്നത് ഒന്നിനും പരിഹാരമല്ല.
പ്രതിരോധകുത്തിവയ്പ്പാണ് യഥാർത്ഥ പരിഹാരം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ



# വളർത്തുമൃഗങ്ങളുമായോ
# മറ്റ് മൃഗങ്ങളുമായോ
# ഇടപെടുമ്പോൾ ഉണ്ടാകുന്ന
# ചെറിയ പോറലുകൾ, മുറിവുകൾ
# എന്നിവ അവഗണിക്കരുത്.

**എത്രയും പെട്ടെന്ന് തൊട്ടടുത്തുള്ള സർക്കാർ ആശുപത്രിയിൽ
എത്തി പ്രതിരോധ കുത്തിവയ്പ്പ് സ്വീകരിക്കുക**

**വിലപ്പെട്ട ജീവൻ സംരക്ഷിക്കുക**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ


ശരിയായ വിവരങ്ങൾ
മനസ്സിലാക്കാം,
മരണം ഒഴിവാക്കാം.
പേവിഷബാധയെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ മനസ്സിലാക്കാം.
സമൂഹമാധ്യമങ്ങളിലൂടെയോ അല്ലാതെയോ
തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാതിരിക്കാം.
വസ്തുതകൾ അറിയാം,ഭീതി ഒഴിവാക്കാം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ്: അലംഭാവം അരുത്.




**മൃഗങ്ങളുടെ കടിയേറ്റാൽ ഉടൻതന്നെ വൈദ്യസഹായം തേടുക. പ്രതിരോധ കുത്തിവയ്പ്പ് എടുത്ത് സുരക്ഷിതരാകുക**

**പേവിഷബാധയ്ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാണ്**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ